## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1542** | **06.03.2017 ൽ മറുപടിയ്ക്ക്**

### വിഷാംശമില്ലാത്ത ജൈവപച്ചക്കറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) വിഷാംശമില്ലാത്ത ജൈവപച്ചക്കറികളുടെ ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായി ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ധനസഹായം നൽകുകയും ചെയ്തുവരുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടെ വിൽപന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. 407 ക്ലസ്റ്ററുകൾ മുഖേന GAP സർട്ടിഫിക്കേഷനും 119 ക്ലസ്റ്ററുകൾ മുഖേന PGS സർട്ടിഫിക്കേഷനും നൽകി ഉൽപാദിപ്പിച്ച പച്ചക്കറി ഉല്പന്നങ്ങൾ 'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ ഈ വരുന്ന വിഷുക്കാലത്ത് വിപണനം ആരംഭിക്കും. പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ കർഷകർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. കൂടാതെ മാർക്കറ്റിൽ നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. |
| (ബി) വിഷരഹിത ജൈവപച്ചക്കറികളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് പച്ചക്കറികൾ ശേഖരിച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ മുഖേന ജനങ്ങൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ജൈവ കർഷകരിൽ നിന്നും കാർഷികോൽപന്നങ്ങൾ ശേഖരിച്ച് ഇക്കോ ഷോപ്പുകൾ മുഖേന വില്പന നടത്തി വരുന്നുണ്ട്. കാർഷികോത്പന്നങ്ങൾ കർഷകരിൽ നിന്നും ന്യായവിലയ്ക്ക് സംഭരിച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ മുഖേന വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു |
| (സി) വിഷാംശമുള്ള പച്ചക്കറികൾ പൊതുവിപണിയിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും പിടിച്ചെടുത്ത് നശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ശ്രമിക്കുമോ? | (സി) കീടനാശിനി അവശിഷ്ടപരിശോധനാ ഫലം ലഭിക്കുന്നതിന് 8 ദിവസം വേണം എന്നതിനാൽ പൊതുവിപണിയിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും പച്ചക്കറികൾ പിടിച്ചെടുത്ത് വിഷാംശമുള്ളവ നശിപ്പിക്കുന്നത് പ്രായോഗികമല്ല. പത്രമാധ്യമങ്ങൾ മുഖേന വിഷാംശമുള്ള പച്ചക്കറികളുടെ പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നതിനാൽ പൊതുജനങ്ങളുടെ ഇടയിൽ അവബോധം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ